# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1978 — 06.02.2019-ൽ മറുപടിക്ക്

## <u>ശബരിമല വിഷയത്തിലെ ഹർത്താലുകൾ</u>

<u>ചോദ്യം</u>

ശ്രീ.കെ.കുഞ്ഞിരാമൻ

(എ) ശബരിമല സ്ത്രീ പ്രവേശവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിനെതിരെ സംസ്ഥാനത്ത് എത്ര ഹർത്താലുകൾ സംഘടിപ്പിച്ചിട്ടുണ്ട്; ആരൊക്കെയാണ് ഹർത്താലുകൾക്ക് ആഹ്വാനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

<u>മറുപടി</u>

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ശബരിമല സ്ത്രീ പ്രവേശവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിനെതിരെ സംസ്ഥാനത്ത് 7 ഹർത്താലുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹർത്താൽ തീയതി | ആഹ്വാനം ചെയ്ത സംഘടനകളുടെ വിശദാംശം |
|---|---|
| 30.07.2018 | ഹിന്ദു സംഘടനകൾ |
| 01.10.2018 | ശിവസേനയും മറ്റു ഹിന്ദു സംഘടനകളും |
| 07.10.2018 | ബി.ജെ.പി |
| 18.10.2018 | വിശ്വഹിന്ദു പരിഷത്തും മറ്റു ഹിന്ദു സംഘടനകളും |
| 17.11.2018 | ഹിന്ദു ഐക്യവേദി |
| 14.12.2018 | ബി.ജെ.പിയും മറ്റു ഹിന്ദു സംഘടനകളും |
| 03.01.2019 | ബി.ജെ.പിയും മറ്റു ഹിന്ദു സംഘടനകളും |

| | |
|---|---|
| (ബി) ഈ ഹർത്താലുകളുടെ ഭാഗമായുള്ള അക്രമ സംഭവങ്ങളിൽ സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) സംസ്ഥാനത്ത് 1,41,99,648/- രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) സർക്കാരിനും സ്വകാര്യ വ്യക്തികൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | (സി) സർക്കാരിന് 34,49,322/- രൂപയുടേയും സ്വകാര്യ വ്യക്തികൾക്ക് 1,07,50,326/- രൂപയുടേയും നാശനഷ്ടങ്ങൾ ഉണ്ടായതായി ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) കാസർഗോഡ് ജില്ലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ പ്രത്യേകം വിശദമാക്കാമോ? | (ഡി) കാസർഗോഡ് ജില്ലയിൽ 56,000/- രൂപയുടെ പൊതുമുതലും 13,24,526/- രൂപയുടെ സ്വകാര്യമുതലും നശിപ്പിച്ചതായി ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**